മാനദണ്ഡങ്ങൾ പ്രകാരം മെഡിക്കൽ കോളേജുകളുടെയും ആശുപത്രികളുടെയും വിസകനം പൂർത്തിയാകുന്നതുവരെ വാർഷിക പുനഃപരിശോധന തുടരുമെന്നും ഇന്ത്യാ ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ടായിരുന്നു.

(സി & ഡി) ഉണ്ട്.

സംസ്ഥാനത്ത് പടർന്നുപിടിക്കുന്ന ഡെങ്കിപ്പനി

10 (*160) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന ഡെങ്കിപ്പനി എന്ന വൈറസ് രോഗം തടയുന്നതിനും ഫലപ്രദമായി പ്രതിരോധിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഡെങ്കിപ്പനി മൂലം സംസ്ഥാനത്തെ ആശുപത്രികളിൽ ഈ വർഷം എത്ര പേരെ പ്രവേശിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; അവ ഏതെല്ലാം ജില്ലകളിലാണെന്ന് പറയാമോ ;

(സി) പ്രസ്തുത രോഗം ബാധിച്ച് മരിച്ചവർ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഡെങ്കിപ്പനി ബാധിച്ച് മരിച്ച നിർദ്ധനരായവരുടെ ആശ്രിതർക്ക് വേണ്ട സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) രോഗം വന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചവർക്ക് മെച്ചപ്പെട്ടതും സൗജന്യവുമായ വിദഗ്ധ ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(എഫ്) ആരോഗ്യവകുപ്പ് നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചും കൊതുകു നിർമ്മാർജ്ജനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഡെങ്കിപ്പനി പരത്തുന്നത് കൊതുകുകളായതിനാൽ കൊതുകു നിർമ്മാർജ്ജനം ജന പങ്കാളിത്തത്തോടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂട്ടായ പ്രവർത്തനത്തിലൂടെയും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ജില്ല-ബ്ലോക്ക്, പഞ്ചായത്ത്-വാർഡ് തലത്തിലുള്ള കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ കൊതുക് വളരാൻ സാദ്ധ്യതയുള്ള സാഹചര്യങ്ങൾ ഇല്ലായ്മ ചെയ്യുന്നു. രോഗബാധ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ തുടർച്ചയായി ഫോഗിംഗ് നടത്തുന്നു. രോഗബാധ സംശയിക്കുന്നവരുടെ രക്തസാമ്പിൾ പരിശോധിക്കുന്നു. ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ ക്ലാസ്സുകൾ വഴി കൊതുക് നിർമ്മാർജ്ജനം ഒരു ജനകീയ പരിപാടിയാക്കി മാറ്റുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജൂൺ രണ്ടാം വാരം വരെ 328 പേർ തിരുവനന്തപുരം - 109, കൊല്ലം - 4, പത്തനംതിട്ട - 5, ആലപ്പുഴ - 17, കോട്ടയം - 38, ഇടുക്കി - 4, എറണാകുളം - 57, തൃശ്ശൂർ -70, പാലക്കാട് - 17, മലപ്പുറം - 8, കോഴിക്കോട്-2, കണ്ണൂർ - 7.

(സി) 15.

(ഡി) പകർച്ചവ്യാധിമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായം നൽകുന്ന പദ്ധതികളൊന്നും തന്നെ ആരോഗ്യവകുപ്പിൽ നിലവിലില്ല.

(ഇ) ഡെങ്കിപ്പനി ബാധിച്ച് ചികിത്സയ്ക്കായി സർക്കാർ ആശുപത്രിയിൽ എത്തുന്നവർക്കായി സൗജന്യരോഗ നിർണ്ണയത്തിനും വിദഗ്ദ്ധ ചികിത്സക്കും ആവശ്യമായ എല്ലാ സംവിധാനങ്ങളും കേരളത്തിലെ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ആരോഗ്യവകുപ്പിൻകീഴിലുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് രോഗബാധ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ തുടർച്ചയായി കൊതുക് നശീകരണത്തിനായി ഫോഗിംഗ് നടത്തുക, കൂത്താടി നാശിനി തളിക്കുക, ജനപങ്കാളിത്തത്തോടെ കൊതുകിന്റെ പ്രജനന സ്ഥലങ്ങൾ നശിപ്പിക്കുക എന്നീ നടപടികൾ നടപ്പാക്കിവരുന്നു. ഇവ നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം

11 (*161) ശ്രീ. എൻ. ശക്തൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം സാമ്പത്തിക വർഷം ആരംഭിച്ചാലുടനെ നടത്തത്തക്ക വിധത്തിൽ അവയുടെ പദ്ധതികൾക്ക് കാലേകൂട്ടി രൂപം കൊടുക്കുന്നതിനും അംഗീകരിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇല്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷം മുതൽ ഈ രീതി നടപ്പാക്കുമോ എന്ന് വ്യക്തമാക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പെർക്കളം അബ്ദുള്ള) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly